**കേരളസർക്കാർ**

**പൊതുവിദ്യാഭ്യാസവകുപ്പ്**

# ഹയർസെക്കൻഡറി തുല്യതാ കോഴ്സ്

പ്രോസ്പെക്ടസ് (2022–24)

(ഏഴാം ബാച്ച്)

**കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**തിരുവനന്തപുരം**

## ആമുഖം

കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി. ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാത്തവർക്കും സാമൂഹിക-സാമ്പത്തിക കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം മുടങ്ങിയവർക്കും വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കാനുള്ള ഒരു സംരംഭമാണിത്. ഔപചാരിക നാല്, ഏഴ്, പത്ത് ക്ലാസുകൾക്ക് തുല്യമായ കോഴ്സുകൾ നടത്തി സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

18.04.2013 ലെ 138/2013/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഹയർ സെക്കൻഡറി തുല്യതാകോഴ്സ് (ഹ്യുമാനിറ്റീസ് ഗ്രൂപ്പ്, കൊമേഴ്സ് ഗ്രൂപ്പ്) ആരംഭിച്ചിട്ടുള്ളത്.

രജിസ്ട്രേഷൻ ഓൺലൈനായും പ്രേരക് മുഖേനയും ചെയ്യാവുന്നതാണ്.

## കോഴ്സിന്റെ കാലയളവ്

രണ്ട് അധ്യയന വർഷം

## പാഠ്യപദ്ധതി

ഔപചാരിക വിദ്യാഭ്യാസത്തിലെ ഹയർസെക്കൻഡറി കോഴ്സിനു സമാനമായ എല്ലാ വിഷയങ്ങളും (ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ) ഉൾപ്പെടുത്തിയ പാഠ്യപദ്ധതിയായിരിക്കും ഹയർസെക്കൻഡറി തുല്യതാ പഠന കോഴ്സിനുമുണ്ടായിരിക്കുക.

## രജിസ്ട്രേഷൻ കാലാവധി

2022 ഫെബ്രുവരി 1 മുതൽ ഫെബ്രുവരി 28 വരെയാണ്.

## കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യതകൾ

താഴെപ്പറയുന്നതിൽ ഏതെങ്കിലുംയോഗ്യതയുള്ളവർ അർഹരാണ്.

1. കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പത്താംതരം തുല്യതാ കോഴ്സ് പരീക്ഷ വിജയിച്ചവർ.

*2. ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി വിജയിച്ചതിനുശേഷം പഠനം നിർത്തിയവർ.

*3. ഔപചാരിക തലത്തിലുള്ള പ്ലസ്ടു/പ്രീ-ഡിഗ്രി പഠനം ഇടയ്ക്കുവച്ച് നിർത്തിയവർ.

*4. ഔപചാരിക തലത്തിലുള്ള പ്ലസ്ടു/പ്രീ-ഡിഗ്രി കോഴ്സ് പൂർത്തിയായവർ, പരീക്ഷയിൽ പരാജയപ്പെട്ടവർ.

* 2 മുതൽ 4 വരെ വിഭാഗത്തിലുള്ള പഠിതാക്കൾക്ക് രജിസ്ട്രേഷൻ സമയത്ത് 22 വയസ്സ് പൂർത്തിയായിരിക്കണം.

## അപേക്ഷിക്കേണ്ട രീതി

രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും (300+2200) ചെലാൻ മുഖേന എസ്.ബി.ഐ.യുടെ ശാഖകളിൽ അടയ്ക്കേണ്ടതാണ്.

## രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്

ഹയർസെക്കൻഡറി തുല്യതാ പഠന കോഴ്സിനുള്ള ഒന്നാം വർഷം ഫീസ് ചുവടെ ചേർക്കുന്നു.

1. **രജിസ്ട്രേഷൻ + അഡ്മിഷൻ ഫീസ്:** 300 രൂപ
2. **കോഴ്സ് ഫീസ്:** 2200 രൂപ

* **പരീക്ഷാഫീസ് –** ഹയർസെക്കൻഡറി ഡയറക്ടറേറ്റ് പുറപ്പെടുവിക്കുന്ന പൊതുപരീക്ഷാ വിജ്ഞാപനത്തോടൊപ്പം പരീക്ഷാഫീസിന്റെ തുക അറിയിക്കുന്നതാണ്.

## കോഴ്സ് ഫീസ് അടയ്ക്കേണ്ട രീതി

അപേക്ഷയോടൊപ്പമുള്ള ചെലാൻ പൂരിപ്പിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഏതെങ്കിലും ശാഖയിൽ പണം അടയ്ക്കാവുന്നതാണ്. തുക അടയ്ക്കുമ്പോൾ ബാങ്കിൽ നിന്നും തിരികെ ലഭിക്കുന്ന ചെലാനിൽ 'KSLMA Copy' എന്നെഴുതിയ ചെലാന്റെ ഭാഗം അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

*** 40ശതമാനമോ അതിലധികമോ അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫീസ് സൗജന്യമായിരിക്കും.**

## നിർദ്ദേശങ്ങൾ

**പ്രിന്റ് ഔട്ട് എടുത്ത അപേക്ഷയോടൊപ്പം ചുവടെ കൊടുത്തിരിക്കുന്ന രേഖകൾ പരിശോധനയ്ക്കായി സാക്ഷരതാമിഷന്റെ ജില്ലാ ഓഫീസുകളിൽ നൽകേണ്ടതാണ്.**

1. ബാങ്കിൽ നിശ്ചിത ഫീസടച്ച ചെലാൻ.
2. ജനന തീയതി തെളിയിക്കുന്നതിന് പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്/ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
3. പട്ടികജാതി/വർഗ്ഗ പഠിതാക്കൾക്ക് ഫീസ് ഇളവ് ലഭിക്കുന്നതിന് തഹസീൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ് 'ഗസറ്റഡ് ഓഫീസർ' സാക്ഷ്യപ്പെടുത്തിയത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (സർക്കാർ നിബന്ധനകൾ ബാധകം)
4. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പ്.
5. അപേക്ഷയോടൊപ്പം അനുബന്ധ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മാത്രം സമർപ്പിക്കുക.

## അപേക്ഷകൾ നിരസിക്കപ്പെടാവുന്ന സാഹചര്യങ്ങൾ

1. അപേക്ഷ അവ്യക്തവും അപൂർണ്ണവുമായാൽ.
2. നിശ്ചിത ഫീസ് തുക അടച്ച ചെലാൻ അപേക്ഷയോടൊപ്പം ഇല്ലാതിരുന്നാൽ.
3. വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കാതിരുന്നാൽ.
4. പട്ടികജാതി/വർഗ്ഗ പഠിതാക്കളുടെ അപേക്ഷയോടൊപ്പം തഹസീൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടുത്താതിരുന്നാൽ.

## പഠന സാമഗ്രികൾ

പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ കോഴ്സ് ആരംഭിക്കുമ്പോൾ സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിൽ നിന്നും ജില്ലാ ഓഫീസ് മുഖേന വിതരണം ചെയ്യുന്നതാണ്.

## കോഴ്സ് വിവരങ്ങൾ

**ഹ്യുമാനിറ്റീസ് ഗ്രൂപ്പ്**

| പാർട്ട് | വിഷയ കോഡ് | വിഷയ കോമ്പിനേഷനുകൾ |
|---|---|---|
| I | | ഇംഗ്ലീഷ് (നിർബന്ധം) |
| II | | ഉപഭാഷ (മലയാളം/ഹിന്ദി/കന്നഡ) ഒന്ന് തെരഞ്ഞെടുക്കുക |
| III | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി (ഐച്ഛികവിഷയങ്ങൾ) |
| | 14 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഗാന്ധിയൻ സ്റ്റഡീസ് (ഐച്ഛിക വിഷയങ്ങൾ) |

**കോമേഴ്സ് ഗ്രൂപ്പ്**

| പാർട്ട് | വിഷയ കോഡ് | വിഷയ കോമ്പിനേഷനുകൾ |
|---|---|---|
| I | | ഇംഗ്ലീഷ് (നിർബന്ധം) |
| II | | ഉപഭാഷ(മലയാളം/ഹിന്ദി/കന്നഡ) ഒന്ന് തെരഞ്ഞെടുക്കുക |
| III | 38 | അക്കൗണ്ടൻസി, ബിസിനസ്സ്സ്റ്റഡീസ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് (ഐച്ഛിക വിഷയങ്ങൾ) |

## സമ്പർക്ക പഠനക്ലാസുകൾ

ഹയർസെക്കൻഡറി തുല്യതാ പഠിതാക്കൾക്കായി സമ്പർക്ക പഠനക്ലാസുകൾ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഹയർസെക്കൻഡറി സ്കൂളുകളിൽ എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും നടത്തുന്നതാണ്. ക്ലാസിന്റെ സുഗമമായ നടത്തിപ്പിനുള്ള ചുമതല ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, കോഴ്സ് കൺവീനർമാർ, സെന്റർ കോ-ഓർഡിനേറ്റർമാർ എന്നിവർക്കാണ്.

## പരീക്ഷ

സംസ്ഥാന ഹയർസെക്കൻഡറി പരീക്ഷാ ബോർഡാണ് പൊതുപരീക്ഷ നടത്തുന്നത്. പഠിതാക്കളുടെ എണ്ണമനുസരിച്ച് അതത് ജില്ലകളിൽ പരീക്ഷാകേന്ദ്രങ്ങൾ നിർണ്ണയിക്കുന്നതാണ്. ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് പഠിതാക്കൾക്ക് ഉന്നതവിജയം കരസ്ഥമാക്കുന്നത് സ്വയം പഠിക്കാൻ സഹായകരമായ രീതിയിലുള്ള പഠനസാമഗ്രികളാണ് തയാറാക്കിയിട്ടുള്ളത്.

## നിബന്ധനകൾ

1. ഹയർസെക്കൻഡറി തുല്യതാ കോഴ്സ്/പരീക്ഷ വ്യവസ്ഥകൾ, മാർഗ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ഏതെങ്കിലും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇടവരുന്ന പക്ഷം ഇക്കാര്യത്തിൽ തുല്യതാ ബോർഡിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംസ്ഥാന സാക്ഷരതാമിഷന്റെയും തീരുമാനം അന്തിമമായിരിക്കും.
2. **ഹയർസെക്കൻഡറി തുല്യതാ കോഴ്സിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളില്ലാതെ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർക്ക് അടച്ച തുക യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.**
3. സംസ്ഥാന സർക്കാരും തുല്യതാപരീക്ഷ ബോർഡും സംസ്ഥാന സാക്ഷരതാമിഷനും എടുക്കുന്ന തീരുമാനങ്ങൾ ഈ കോഴ്സിന് ബാധകമായിരിക്കും.
4. കോഴ്സ്, പൊതുപരീക്ഷ ഇവ സംബന്ധിച്ച നിയമപരമായ തർക്കങ്ങൾ തിരുവനന്തപുരം ജില്ലയിലായിരിക്കും പരിഹരിക്കുന്നത്.

## അനുബന്ധം : ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് കാര്യാലയം പട്ടം പി.ഒ, തിരുവനന്തപുരം 4, ഫോൺ: 0471-2556740 |
| 2 | കൊല്ലം | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, തേവള്ളി പി.ഒ, കൊല്ലം 9 ഫോൺ:0474-2798020 |
| 3 | പത്തനംതിട്ട | ജില്ലാ സാക്ഷരതാമിഷൻ, മിനി സിവിൽസ്റ്റേഷൻ, നാലാംനില, പത്തനംതിട്ട 689645 ഫോൺ: 0468-2220799 |
| 4 | ആലപ്പുഴ | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് കാര്യാലയം, ആലപ്പുഴ - 688010 സിവിൽസ്റ്റേഷൻ പി.ഒ, ഫോൺ 0477 2252095 |
| 5 | കോട്ടയം | ജില്ലാ സാക്ഷരതാമിഷൻ, വയസ്ക്കരകുന്ന്, കോട്ടയം- 686091 ഫോൺ:0481 2302055 |
| 6 | ഇടുക്കി | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത് , കുയിലിമല, പൈനാവ് പി.ഒ, ഇടുക്കി-685603, ഫോൺ:0486 2232294 |
| 7 | എറണാകുളം | ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, കാക്കനാട് എറണാകുളം- 682030, ഫോൺ 0484 2426596 |
| 8 | തൃശ്ശൂർ | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ: 0487 2365024 |
| 9 | പാലക്കാട് | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678001, ഫോൺ 0491 2505179 |
| 10 | മലപ്പുറം | ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, മലപ്പുറം-675505, ഫോൺ: 0483 2734670 |
| 11 | കോഴിക്കോട് | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്, ഫോൺ: 0495 2370053 |
| 12 | വയനാട് | ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, കല്പറ്റ, വയനാട്-673 122, ഫോൺ 04936 202091 |
| 13 | കണ്ണൂർ | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത് കാര്യാലയം, സിവിൽസ്റ്റേഷൻ പി.ഒ, കണ്ണൂർ-671107, ഫോൺ: 0497 2707699 |
| 14 | കാസർഗോഡ് | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത്, സിവിൽസ്റ്റേഷൻ, വിദ്യാനഗർ പി.ഒ, കാസർഗോഡ്-671123, ഫോൺ: 04994 255507 |